# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.6426** **08/11/16-ൽ മറുപടിക്ക്**

## കാസർഗോഡ് ഫയർ ആന്റ് റസ്ക്യു സ്റ്റേഷൻ കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) കാസർഗോഡ് ഫയർ ആന്റ് റസ്ക്യു സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചത് ഏത് വർഷത്തിലായിരുന്നു എന്ന് വ്യക്തമാക്കാമോ; | എ) 1981 ലാണ്. |
| ബി) എത്ര രൂപ ചെലവഴിച്ചാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ചതെന്നു വിശദമാക്കാമോ; | ബി) കാസർഗോഡ് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണം 1980ൽ തലശ്ശേരി വെസ്റ്റ് കോസ്റ്റ് റോഡ്സ് ഡിവിഷനാണ് നടത്തിയത്. 1986ലാണ് പൊതുമരാമത്ത് വകുപ്പ് തലശ്ശേരി ബിൽഡിംഗ്സ് ഡിവിഷൻ ഓഫീസ് ആരംഭിച്ചത്. ആയതിനാൽ കാസർഗോഡ് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളോ ഫയലുകളോ തലശ്ശേരി ബിൽഡിംഗ്സ് ഡിവിഷൻ ഓഫീസിൽ ഈ സമയത്ത് ലഭ്യമല്ല. അതിനാൽ കെട്ടിടനിർമ്മാണത്തിന് ചെലവഴിച്ച തുക സംബന്ധിച്ച വിവരം ലഭ്യമാക്കാൻ നിർവ്വാഹമില്ല. |
| സി) പ്രസ്തുത കെട്ടിടം നിലവിൽ വന്നതിനുശേഷം അറ്റകുറ്റപ്പണികൾക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടു | സി) അറ്റകുറ്റപ്പണികൾക്കായി ഇതുവരെ 78,27,050/- രൂപ ചെലവഴിച്ചിട്ടുണ്ട്. 1997-98 മുതൽ 2016-17 സാമ്പത്തിക വർഷം വരെയുള്ള വാർഷിക ചെലവ് സംബന്ധിച്ച |

ണ്ടെന്ന് വർഷം തിരിച്ച് വ്യക്ത മാക്കാമോ;

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ഡി) കാസർഗോഡ് ഫയർ ആന്റ് റസ്ക്യു സ്റ്റേഷൻ കെട്ടിടത്തി ന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ ശോചനീയമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഡി) ഉണ്ട്.

ഇ) എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഭരണാ നുമതി എപ്പോൾ ലഭ്യമാകു മെന്ന് വ്യക്തമാക്കാമോ;

എഫ്) കാസർഗോഡ് ഫയർ ആന്റ് റസ്ക്യു സ്റ്റേഷൻ സ്റ്റാഫ് ക്വാർട്ടേഴ്സ് പുനർനിർമ്മി ക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കി യിട്ടുണ്ടോ;

ജി) എങ്കിൽ എത്ര രൂപയുടെ എസ്റ്റി മേറ്റാണെന്നും ഇതിനു ഭരണാ നുമതി എപ്പോൾ ലഭ്യമാകു മെന്നും വ്യക്തമാക്കാമോ?

<u>(ഇ), (എഫ്) & (ജി)</u>

അഗ്നിരക്ഷാ നിലയവും, ഫാമിലി ക്വാർട്ടേഴ്സുകളും പുതുക്കി പണി യുന്നതിന് ആകെ 8 കോടി രൂപ യുടെ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയിരുന്നെങ്കിലും അവ യിൽ ചില ഭേദഗതികൾ ആവശ്യ മാണെന്ന് കണ്ടതിന്റെ അടിസ്ഥാ നത്തിൽ പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകാൻ പൊതുമരാമത്ത് വകുപ്പിനെ ചുമത ലപ്പെടുത്തിയിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ